(സി) അവസാന ഗഡു പൂർത്തീയാക്കിയ ഗുണഭോക്താക്കൾക്ക് വായ്പാതുകയിൻമേലുള്ള പലിശ ഗവൺമെൻറ് നേരത്തെ പ്രഖ്യാപിച്ചതിൻെറ ഇരട്ടിയായി ഈടാക്കാൻ ബോർഡ് നോട്ടീസ് നൽകിയവിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 9.75 ശതമാനം പലിശയാണ് ഈടാക്കുന്നത്.

(ബി, സി, ഡി) വായ്പ നൽകുന്നത് 9.75 ശതമാനം പലിശയ്ക്കാണെങ്കിലും ഇത് ലഭിക്കുന്നത് ഇതിൽ കൂടുതലും കുറഞ്ഞതുമായ വിവിധ നിരക്കുകളിലാണ്. അതിനാൽ ഒരു ചെറിയ സബ്സിഡി ഇതിനകത്തുണ്ടാകും. കൃത്യമായി എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല ആദ്യം നിശ്ചയിച്ച പലിശതന്നെയാണ് ഈ പദ്ധതി പ്രകാരം ഈടാക്കുന്നത്.

ദുർബലവിഭാഗക്കാർക്ക് വീടുവച്ചുകൊടുക്കുന്നത് സംബന്ധിച്ച്

654. [878] ശ്രീ. കെ. രാഘവൻ മാസ്റ്റർ :
,, എ. സി. ജോസ് :
,, കെ. കെ. തോമസ് :
,, പന്തളം സുധാകരൻ :
,, ടി. പി. പീതാമ്പരൻ മാസ്റ്റർ :
,, ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ദുർബലവിഭാഗങ്ങൾക്ക് എത്ര വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) അതിൽ എത്രവീടുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചു ;

(സി) അവയിൽ പണി പൂർത്തിയായവ എത്ര ;

(ഡി) ഗാന്ധിജയന്തി ദിവസം എത്ര പേർക്കുള്ള താക്കോൽദാനം നിർവ്വഹിച്ചു ;

(ഇ) ബാക്കിയുള്ളവ പൂർത്തിയാകാതിരിക്കുന്നതിൻെറ കാരണമെന്ത് ;

(എഫ്) ബാക്കിയുള്ള വീടുകൾ മുഴുവൻ ഈ സാമ്പത്തികവർഷം പൂർത്തിയാക്കുമോ ;

(ജി) ഇപ്പോൾ, ഇതിന് നിശ്ചയിച്ചിരിക്കുന്ന 6,000 രൂപ അപര്യാപ്തമാണെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) പ്രവൃത്തി നിർമ്മാണത്തിന് തുകകൂട്ടി കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഐ) ഈ പദ്ധതി പട്ടയമില്ലാത്ത കൈവശഭൂമികളും താമസിക്കുന്നവർക്ക് വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1986-87-ൽ ഉദ്ദേശം 1,90,000 വീടുകളുടെ പണി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 1,90,000 വീടുകളുടെയും പണികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ, എഫ്) മുഴുവൻ വീടുകളുടെ പണിയും ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) വായ്പതുക കൂട്ടിക്കൊടുക്കുന്ന കാര്യം ഗുണഭോക്താവിന്റെ തിരിച്ചടയ്ക്കാനുള്ള കഴിവും വായ്പയുടെ ലഭ്യതയും കണക്കിലെടുത്തശേഷം പരിഗണിക്കുന്നതാണ്.

(ഐ) അധികൃതമായി ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയമില്ലെങ്കിലും കളക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നുണ്ട്. മറ്റു കേസുകളിൽ വായ്പ നൽകാൻ സാദ്ധ്യമല്ല.

റീസർവ്വേയുടെ പുരോഗതി

655. [880] ശ്രീ. പി. എം. അബൂബക്കർ :
,, പി. വി. മുഹമ്മദ് :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. എ. മജീദ് :
,, സി. ടി. അഹമ്മദലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനങ്ങൾ എന്നു മുതലാണ് ആരംഭിച്ചത് ;

(ബി) റീസർവ്വേ പ്രവർത്തനം എന്നു പൂർത്തീകരിക്കാൻ സാധിക്കും;

(സി) ഇതുവരെ എത്ര ചതുരശ്ര കിലോമീറ്റർ പ്രദേശത്തിന്റെ റീസർവ്വേ നടന്നു;

(ഡി) നടപ്പുവർഷം ആഗസ്റ്റുവരെ ഇതിനായി ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) 1966-67 വർഷം മുതൽ.

(ബി) 1993-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) 20,281 ച. കി.മീറ്റർ പ്രദേശത്തിന്റെ റീസർവേ ഫീൽഡ് ജോലി നടന്നിട്ടുണ്ട്.

(ഡി) 4633.87 ലക്ഷം രൂപ.

റീസർവ്വേ പൂർത്തിയായ ജില്ലകൾ

656. [881] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീസർവ്വേ ജോലികൾ എത്ര ജില്ലകളിൽ പൂർത്തിയായിട്ടുണ്ട് ;

(ബി) ഇതിനോടകം എത്ര വില്ലേജുകളിലെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ റിക്കാർഡുകളാക്കി രൂപാന്തരപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റീസർവേ ഒരു ജില്ലയിലും പൂർണ്ണമായി കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ 61 താലൂക്കുകളിൽ 18 താലൂക്കുകളിൽ റീസർവ്വേ ഫീൽഡു പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

(ബി) 147 വില്ലേജുകളിൽ റീസർവ്വേ റിക്കാർഡുകൾ റവന്യൂ റിക്കാർഡുകളാക്കി രൂപാന്തരപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly